# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **6706** — 10.07.2014 -ൽ മറുപടിക്ക്

## എൻ.ആർ.എച്ച്.എം. ആരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. കെ. ലതിക : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം. മുഖേന സംസ്ഥാനത്ത് ഹോമിയോ, അലോപ്പതി, ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ എത്ര വീതം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ : | (എ) ഹോമിയോ - 373, ആയുർവേദ - 208. അലോപ്പതി - എൻ.എച്ച്.എം. -ന്റെ കീഴിൽ 35 നാഷണൽ അർബൻ ഹെൽത്ത് സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ 16 എണ്ണം കൂടി തുടങ്ങാൻ അനുവാദം ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങൾക്ക് എത്രവർഷം വരെ (എൻ.ആർ.എച്ച്.എം) ഫണ്ട് ലഭിക്കുമെന്ന് വ്യക്തമാക്കുമോ : | (ബി) കേന്ദ്രസർക്കാർ തീരുമാന പ്രകാരം എൻ.ആർ.എച്ച്.എം. പദ്ധതി 2017 വരെയാണ്. ഓരോ വർഷവും സമർപ്പിക്കുന്ന പദ്ധതികൾ അംഗീകരിച്ച് കിട്ടുന്ന മുറയ്ക്ക് നടപ്പിലാക്കി വരുന്നു. |
| (സി) എൻ.ആർ.എച്ച്.എം ഫണ്ട് ലഭ്യമല്ലാതാകുന്നത് മുതൽ പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങൾ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ? | (സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ